മാവേലി സ്റ്റോറുകളുടെ പ്രവർത്തനവും സപ്ലൈകോയുടെ പർച്ചേസും

62 [1959] ശ്രീ. ബിനോയ് വിശ്വം :
,, പി. നാരായണൻ :
,, എം. കുമാരൻ :
,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) സപ്ലൈകോയുടെ പർച്ചേയ്സുകളുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര വിജിലൻസ് അന്വേഷണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(സി) ഓരോ അന്വേഷണത്തിനാധാരമായ വിഷയങ്ങളും, ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ ;

(ഡി) സപ്ലൈകോയുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) മാവേലി സ്റ്റോറുകളിൽ ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ഇപ്പോൾ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6389848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി. വീട്ടു നമ്പരില്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ അന്നയോജന പദ്ധതിയിൽ 114400 കുടുംബങ്ങളെ കൂടി അധികമായി ചേർത്ത് രണ്ടാംഘട്ട വിപുലീകരണം നടത്തി. റേഷൻ കടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും, അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും കർശനമായി നടപ്പാക്കി. എഫ്. സി. ഐ. യുമായി തുടർച്ചയായി ബന്ധം പുലർത്തിയും നിരന്തരം ജാഗ്രത പാലിച്ചും എല്ലാ ഡിപ്പോകളിലും എല്ലായ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പാക്കി. അരിയുടെ ഗുണനിലവാരം ഉറപ്പാക്കി, ബി. പി. എൽ. അരിയുടെ വിതരണം 100 ശതമാനമാക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ സർക്കാർ നിശ്ചയിച്ച വിലയിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. കൂടാതെ 1500 തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്തി വരുന്നു.

(ബി), (സി) 2002 സെപ്റ്റംബർ, ഒക്ടോബർ, നവംബർ കാലയളവിലെ പർച്ചേസിനെ കുറിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നു.

(ഡി) ടെണ്ടർ നടത്തുന്നതിന് പരിഷ്കാരങ്ങൾ വരുത്തി. ഇ-ടെണ്ടർ വഴി രാജ്യത്തിന് ഏതു ഭാഗത്തുനിന്നും എല്ലാവർക്കും ടെണ്ടറുകളിൽ പങ്കെടുക്കുന്നതിനും ടെണ്ടർ വിവരങ്ങൾ ലഭ്യമാകുന്നതിനും ഉതകുന്ന രീതിയിലാക്കി പർച്ചേസ് മാനുവൽ, ക്വാളിറ്റി മാനുവൽ, പ്രൈസ് മാനുവൽ ഇവ പ്രസിദ്ധീകരിച്ചു. റീജിയണൽ ഡിപ്പോയിൽ കമ്മിറ്റികൾ രൂപീകരിച്ച് ലോക്കൽ പർച്ചേസിന് അധികാരം കൈമാറി.

(ഇ) മാവേലി സ്റ്റോറുകളിൽ ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാണ്.

സപ്ലൈകോ

63 [1960] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ റീജിയണൽ ടെണ്ടർ വഴി ഓർഡർ നൽകി സാധനം വാങ്ങിയതിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) കോർപ്പറേഷന്റെ ക്വാളിറ്റി വിംഗ് വിതരണ യോഗ്യമല്ല എന്ന് സർട്ടിഫൈ ചെയ്ത കലർപ്പുള്ള 2 എം. എം. ചെറുപയർ സംസ്ഥാനത്ത് വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭക്ഷ്യമേഖലയിലെ ഗുരുതരമായ പ്രസ്തുത അനാസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly